**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3823** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഉദുമ മണ്ഡലത്തിലെ ആട് ഫാം നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഉദുമ മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച ആട് ഫാമിന്റെ നിലിവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ; | (എ) | **ഉദുമ മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച ആട് ഫാമിലെ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗോട്ട് ഷെഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടോയിലെറ്റ് കോംപ്ലക്സ് (Toilet cum bathrooms)നിർമ്മിക്കുന്നതിനും, ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും 25000 ലിറ്റർ ജലം ഉൾക്കൊള്ളുന്ന ഓവർഹെഡ് വാട്ടർ ടാങ്കും 15000 ലിറ്റർ ജലം ഉൾക്കൊള്ളുന്ന ഒരു ഗ്രൗണ്ട് ലെവൽ വാട്ടർ ടാങ്കും നിർമ്മിയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.** |
| (ബി) | പ്രസ്തുത ഫാമുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഇതുവരെ നടന്നിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | **പ്രസ്തുത ആട് ഫാമിലെ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികളും, ചുറ്റുമതിൽ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഗോട്ട് ഷെഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.** |
| (സി) | പ്രസ്തുത ആട് ഫാം എന്നു മുതൽ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാകും; വ്യക്തമാക്കാമോ? | (സി) | **പ്രസ്തുത ആട് ഫാം 2024 ഒക്ടോബർ ആദ്യവാരത്തോടെ പ്രവർത്തന സജ്ജമാകുമെന്ന് കരുതുന്നു.** |

സെക്ഷൻ ഓഫീസർ